## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1213

21.3.2013- ൽ
മറുപടിക്ക്

### കയർ മേള

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>" വി.ഡി. സതീശൻ<br>" എം. എ. വാഹീദ്<br>" വി. റ്റി. ബൽറാം | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഈ വർഷം കയർ മേള സംഘടിപ്പിച്ചിട്ടുണ്ടോ; | (എ) 2013 ഫെബ്രുവരി 1 മുതൽ 6 വരെ ആലപ്പുഴയിൽ വച്ച് കയർ കേരള സംഘടിപ്പിച്ചിരുന്നു. |
| (ബി) എത്ര രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് ഈ മേളയിൽ പങ്കെടുക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) 30 വിദേശ രാജ്യങ്ങളിൽ നിന്നും 151 പ്രതിനിധികൾ ഈ വർഷത്തെ കയർമേളയിൽ പങ്കെടുത്തു. സ്പെയിൻ, റഷ്യ, ജർമ്മനി, ഇൻഡോനേഷ്യ, സൗത്താഫ്രിക്ക, യു.എസ്.എ, യു.എ.ഇ, ബംഗ്ലാദേശ്, യു.കെ, വെനിസേ്വല, നേപ്പാൾ, ഇസ്രായേൽ, സൗദിഅറേബ്യ, പനാമ,<br>ക്രൊയേഷ്യ, ബൽജിയം, ജപ്പാൻ, കൊളംബിയ, നെതർലാൻഡ്, ഫ്രാൻസ്, ഇറ്റലി, മൗറിഷ്യസ് ചൈന, ആസ്ട്രേലിയ, ബൾഗേറിയ, കെനിയ, ഡെൻമാർക്ക്, കാനഡ, ബ്രസീൽ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് പങ്കെടുത്തത്. |

| | |
|---|---|
| (സി) എത്ര കോടി രൂപയുടെ നേരിട്ടുള്ള വിൽപനയാണ് മേളയിൽ അരങ്ങൊരുങ്ങിയിരിക്കുന്നത്; വിശദമാക്കുമോ; | സി) കയർ കേരള 2013-ൽ 200 കോടി രൂപയുടെ വ്യാപാര ഇടപാടുകൾ നടന്നിട്ടുള്ളതായി കണക്കാക്കപ്പെടുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 50 ലക്ഷം രൂപയുടെയും, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന് 31 ലക്ഷം രൂപയുടെയും, ഓർഡറുകൾ ലഭിച്ചു. കൂടാതെ, കയർഫെഡിന് 75 ലക്ഷം രൂപ മൂല്യം വരുന്ന 50 കണ്ടെയ്നർ കയർ പിത്തിനുള്ള എൻക്വയറി ലഭിച്ചു. സ്വകാര്യ സ്ഥാപന ഉടമകളായ കയറ്റുമതിക്കാർ ശരിയായ കണക്കുകൾ നൽകാൻ താൽപ്പര്യപ്പെടാത്ത കാരണത്താൽ ഈ വിവരം ലഭ്യമല്ല. |
| (ഡി)മറ്റു വർഷങ്ങളേക്കാൾ വിറ്റുവരവിൽ എത്രവർദ്ധനവാണ് ഈ വർഷം ഉണ്ടായത്; വിശദാംശങ്ങൾ എന്തെല്ലാം; | (ഡി) മുൻവർഷങ്ങളെക്കാൾ ഇരട്ടി വ്യാപാര ഇടപാടുകൾ ഈ വർഷം നടത്തിയിട്ടുള്ളതായി കണക്കാക്കപ്പെടുന്നു. ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന് മുൻവർഷങ്ങളെക്കാൾ 30% വർദ്ധനവാണ് വിറ്റുവരവിൽ ഉണ്ടായത്. 2013-ൽ 5 കോടി രൂപയുടെ കയറ്റുമതി നടത്താനാവുമെന്ന് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ പ്രതീക്ഷിക്കുന്നു. 20% വർദ്ധനവാണ് കയർഫെഡ് പ്രതീക്ഷിക്കുന്നത്. |
| ഇ) കയർ മേഖലയിലെ ഗവേഷണ സാങ്കേതികവിവരങ്ങൾ കൈമാറ്റം ചെയ്യുന്നതിൽ എന്തെല്ലാം നടപടികൾ മേളയിൽ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | ഇ) കയർമേഖലയിലെ ഗവേഷണ സാങ്കേതിക വിവരങ്ങൾ കൈമാറ്റം ചെയ്യുന്നതിന്റെ ഭാഗമായി കയർ കോമ്പസിറ്റിന്റെ സാധ്യതകൾ |

| | |
|---|---|
| | മനസ്സിലാക്കാൻ സി.എസ്.ഐ.ആർ ദക്ഷിണാഫ്രിക്കയും എൻ.സി.ആർ.എം.ഐയും ചേർന്ന് പ്രവർത്തിക്കുന്നതാണ്. സിർക്കോട്ട് കണ്ടുപിടിച്ച കയർനാര് ഗ്രേഡിംഗ് അടിസ്ഥാനത്തിൽ നേരിയത്, തീരെ നേരിയത്, കനം കൂടിയത് എന്നിങ്ങനെ വേർതിരിക്കുന്ന യന്ത്രം കയർ വികസന വകുപ്പിന്റെ സഹായത്തോടെ ആവശ്യക്കാർക്ക് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളാൻ തീരുമാനമായി. ഫിലിപ്പൈൻ കോക്കനട്ട് അതോറിറ്റിയുമായി സംയോജിച്ച് ഇക്കോ ബോർഡ് പോലെയുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാനും വിപണനം ചെയ്യുവാനും വേണ്ട നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു. സൗദിഅറേബ്യയിലുള്ള അൽ-അംജാദ് എന്ന സ്ഥാപനവുമായി ചേർന്ന് വിവിധതരത്തിലുള്ള കയർ ഭൂവസ്ത്രം ഉപയോഗിച്ച് ചരിവ് പ്രദേശങ്ങളിൽ പുൽതകിടി നിർമ്മിക്കുന്നതിനും, ഉപ്പുവെള്ളത്തിന്റെ അംശം കൃഷി യോഗ്യമായ മൺപ്രദേശങ്ങളിലേക്ക് പ്രവേശിക്കാതിരിക്കാൻ വേണ്ടിയുള്ള സാങ്കേതികവിദ്യ NCRMI-യും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും ചേർന്ന് നടപ്പിലാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ